പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4501 | 13.11.2019 ന് മറുപടിയ്ക്ക്.

## അരിയല്ലൂർ-പരപ്പാൽ ബീച്ച് കടലാമ പ്രജനന കേന്ദ്രമാണെന്ന റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ-പരപ്പാൽ ബീച്ച് കടലാമ പ്രജനന കേന്ദ്രമാണെന്ന് വനം വകുപ്പോ വനം വകുപ്പിന്റെ ഏതെങ്കിലും ഏജൻസിയോ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ് പഠനം നടത്തിയത്; പഠന സംഘത്തിലെ വിദഗ് ധർ ആരൊക്കെയായിരുന്നു; എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; വ്യക്തമാക്കാമോ; | (എ), (ബി)& (സി) | വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ-പരപ്പാൽ ബീച്ച് കടലാമ പ്രജനന കേന്ദ്രമാണെന്നത് സംബന്ധിച്ച് വനം വകുപ്പ് അടുത്ത കാലങ്ങളിലൊന്നും പഠനം നടത്തിയിട്ടില്ല. മറ്റേതെങ്കിലും ഏജൻസികൾ ഇപ്രകാരം പഠനം നടത്തിയ വിവരങ്ങളൊന്നും വനം വകുപ്പിൽ ഇതേ വരെ ലഭ്യമായിട്ടില്ല.<br><br>സർക്കാർ ഉത്തരവ് (സാധാ) 592/09/WRD തീയതി, 06/06/2009 പ്രകാരം ടി സ്ഥലത്ത് കടൽ ഭിത്തി നിർമ്മാണം നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് കടൽ ഭിത്തി നിർമ്മിക്കാൻ അധികൃതർ നിർദ്ദേശം നൽകണം എന്ന് ആവശ്യപ്പെട്ട് രണ്ട് പേർ ബഹു.ഹൈക്കോടതി മുൻപാകെ W.P.(C) No.29370/19 നമ്പർ ആയി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള തീർപ്പ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>20/09/2019-ലെ IR2/330/2019/WRD നമ്പർ കത്ത് പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത പ്രദേശം കടലാമ പ്രജനന കേന്ദ്രം ആണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് അവിടെ കടൽഭിത്തി നിർമ്മാണം നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ കടൽഭിത്തി നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നതും ഇത് തീരദേശവാസികളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്പോൾ അവിടം കടലാമ പ്രജനന കേന്ദ്രമാണെന്ന് വനം വകുപ്പ് കരുതുന്നുണ്ടോയെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | ജലവിഭവ വകുപ്പിൽ നിന്ന് 02.09.2019 ലെ IR 2/330/2019/WRD നമ്പർ പ്രകാരം വനം ചീഫ് കൺസർവേറ്റർക്ക് അയച്ച കത്തിന് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ മറുപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ